## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 439** **11-06-2024 - ൽ മറുപടിയ്ക്ക്**

## കിഫ്ബി മസാല ബോണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയുടെ മസാല ബോണ്ട് ഏതൊക്കെ സ്ഥാപനങ്ങളാണ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ; | (എ) | അസറ്റ് മാനേജർസ്, ഇൻഷുറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ്, പ്രൈവറ്റ് വെൽത് മാനേജർസ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് ( FATF ) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനു ശേഷം സെക്കന്ററി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല. ആദ്യത്തെ 16 നിക്ഷേപകർക്കും 9.723% നിരക്കിലാണ് ബോണ്ട് വിപണനം ചെയ്തത്. |
| (ബി) | കിഫ്ബിയുടെ മസാല ബോണ്ട് പബ്ലിക്കായും പ്രൈവറ്റായും ഇഷ്യൂ ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ബി) | കിഫ്ബിയുടെ മസാല ബോണ്ട് ഒരു പ്രൈവറ്റ് ഇഷ്യൂ അല്ല. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആണ്. |
| (സി) | മസാല ബോണ്ട് പബ്ലിക്കായും പ്രൈവറ്റായും ഇഷ്യൂ ചെയ്തത് എവിടെയാണെന്ന് വ്യക്തമാക്കാമോ; | (സി) | കിഫ്ബിയുടെ മസാല ബോണ്ട് ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക്ക് ഇഷ്യൂ മാത്രമായിരുന്നു. ഈ ബോണ്ട് ലണ്ടൻ സിങ്കപ്പൂർ എന്നീ സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ ലിസ്റ്റ് ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കിഫ്ബിയുടെ മസാല ബോണ്ടിൽ സംസ്ഥാനത്തിന് ലഭിച്ച തുക ഏതു സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിന്നുമാണ് കിഫ്ബിയുടെ അക്കൗണ്ടിലേക്ക് വന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | മസാല ബോണ്ടിലൂടെ കിഫ്ബി സമാഹരിച്ച തുക പ്രസ്തുത ബോണ്ട് ഇഷ്യൂവിന്റെ ഡീലർ ബാങ്കുകളിൽ ഒന്നായ സ്റ്റാൻഡേർഡ് ചാർട്ടേറ്റ്ഡ് ബാങ്കിന്റെ അക്കൗണ്ടിലൂടെയാണ് കിഫ്ബിയുടെ നിർദ്ധിഷ്ട ബാങ്ക് അക്കൗണ്ടിലേക്ക് വന്നത്. കിഫ്ബിയുടെ മസാലാ ബോണ്ടിന്റെ ഡീലർ ബാങ്കുകളായി (അറേഞ്ചേഴ്സ്) അക്സിസ് ബാങ്ക്, സ്റ്റാൻഡേർഡ് ചാർട്ടേറ്റ്ഡ് ബാങ്ക് എന്നിവരെ ടെണ്ടർ നടപടിക്രമത്തിലൂടെ തിരഞ്ഞെടുത്തിരുന്നു. |
| (ഇ) | കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപെട്ട് ഏതൊക്കെ സ്ഥാപനങ്ങളുടെ പ്രതിനിധികളാണ് സംസ്ഥാനത്ത് വന്നു ചർച്ച നടത്തിയതെന്ന് വിശദമാക്കാമോ; ഇവരുടെ പേര് വിവരങ്ങളും സ്ഥാപനത്തിന്റെ പേരും നൽകാമോ? | (ഇ) | കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട് കാനഡയിലെ ക്യൂബെക്ക് ആസ്ഥാനമായുള്ള സി.ഡി.പി.ക്യൂ എന്ന പെൻഷൻ ഫണ്ട് സ്ഥാപനത്തിലെ പ്രതിനിധികൾ കിഫ്ബിയിൽ സന്ദർശനം നടത്തിയിരുന്നു. ഇവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• ശ്രീമതി. അനിത മരങ്കൊലി ജോർജ് , സീനിയർ വൈസ് പ്രസിഡന്റ്, ഗ്രോത്ത് മാർക്കറ്റ്സ്<br>• ശ്രീ.വീറ്റോ ടെലർബാ - ഡയറക്ടർ , ഇൻവെസ്റ്റ്മെന്റ്സ്, സോവറിൻ ഡെബ്റ്റ്<br>• ശ്രീ. ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ്, ഇന്ത്യ<br>• ശ്രീ.എറിക് ലെമിയക്സ് - ഡയറക്ടർ , ഇൻവെസ്റ്റ്മെൻറ്സ്- എക്സ്ടെർണൽ പോർട്ട്ഫോളിയോ മാനേജ്മെന്റ്- പബ്ലിക് മാർക്കറ്റ്സ്<br>• ശ്രീ.ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ്, ഇന്ത്യ<br>• ശ്രീമതി.സോഫി കോസിനെ - വൈസ് പ്രസിഡന്റ്, എമേർജിങ് മാർക്കറ്റ് & ഇ.എസ്.ജി<br>• ശ്രീമതി.വർഷ പോഡാർ - അസ്സോസിയേറ്റ് , ഗ്രോത്ത് മാർക്കറ്റ്<br><br>മറ്റു നിക്ഷേപകരുമായുള്ള ചർച്ച ലണ്ടൻ, സിംഗപ്പൂർ, ഹോങ്കോങ്, യു.എ.ഇ എന്നീ രാജ്യങ്ങളിൽ നടന്ന റോഡ് ഷോയുടെ ഭാഗമായി നടത്തപ്പെട്ടു. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യു ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ